LIBRARY ARCHIVES Kerala Legislative Assembly

കമ്പനികൾക്കെതിരെയുള്ള കേസ്സുകൾ

155(5744) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഏതെല്ലാം കമ്പനികൾക്കെതിരെ തട്ടിപ്പിനും വഞ്ചനയ്ക്കും കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ 1956-ലെ കമ്പനികാര്യനിയമമനുസരിച്ച് കേന്ദ്ര കമ്പനി കാര്യ മന്ത്രാലയത്തിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം ;

(സി) ഈ സ്ഥാപനങ്ങൾക്കെതിരെയുള്ള കേസ്സുകൾ സംസ്ഥാന ആഭ്യന്തര വകുപ്പ് കേന്ദ്ര കമ്പനികാര്യ വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇവയിൽ ഏതെങ്കിലും കമ്പനിക്കെതിരെയുള്ള കേസ്സുകൾ സംബന്ധിച്ച് കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തെ അറിയിക്കാത്തതായിട്ടുണ്ടോ ;

(ഇ) എങ്കിൽ ഏത് കമ്പനിയെന്നും ഇതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണം

156(5745) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് വരുന്ന അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് മതിയായ വിവരങ്ങൾ അധികൃതർ ശേഖരിക്കാറുണ്ടോ ; നിലവിൽ എന്തെല്ലാം വിവരങ്ങളാണ് ഇവരിൽ നിന്നും ശേഖരിക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) മതിയായ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ ഇല്ലാതെ ബംഗ്ലാദേശികൾ കേരളത്തിലേക്ക് വരുന്നത് വർദ്ധിച്ചതായും ഇവർക്കിടയിൽ ക്രിമിനലുകളും തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളവരും വ്യാജതിരിച്ചറിയൽ കാർഡുമായി കഴിയുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അന്യ സംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണവുമായി ബന്ധപ്പെട്ട് അധികൃതർ കൂടുതൽ ജാഗ്രത പുലർത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ ശേഖരിക്കാറുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് പോലീസ് സ്റ്റേഷനുകളിൽ ശേഖരിക്കുകയും അപ്രകാരമെത്തുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരികയും ചെയ്യുന്നു. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും ഫോട്ടോ, ഒപ്പ്, തിരിച്ചറിയൽ കാർഡ്, ഫോൺ നമ്പർ, വിരലടയാളം എന്നുമുതൽ ജോലി ചെയ്യുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്.

(ബി) മതിയായ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ ഇല്ലാതെ ബംഗ്ലാദേശികൾ കേരളത്തിലേക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി അറിവായിട്ടില്ല.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം കൃത്യമായി നടപ്പിൽ വരുത്തുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനിലേക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ഇവരെ സംബന്ധിച്ച് കൂടുതൽ ജാഗ്രത പുലർത്തണമെന്നും ഇവരുടെ തിരിച്ചറിയൽ കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും സംശയമുള്ളവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതായും മറ്റുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ തീവ്രവാദ സംഘടനയുമായി ബന്ധമുള്ളവരും മറ്റും ഉണ്ടോയെന്നറിയുന്നതിനായി ലോക്കൽ പോലീസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും സംസ്ഥാന ഇന്റലിജൻസ് വിഭാഗവും ജാഗ്രത പുലർത്തിവരുന്നുണ്ട്. കൂടാതെ നൈറ്റ് പട്രോളിംഗ്, ജനമൈത്രി ബീറ്റ് മുതലായവയിലൂടെ ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നു.

കോട്ടായിൽ എസ്.ഐ. ശ്രീ. ആർ. ശിവശങ്കരന് പ്രൊമോഷൻ

157(5746) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കോട്ടയിൽ എസ്.ഐ. ആയി ജോലി നോക്കുന്ന ശ്രീ. ആർ. ശിവശങ്കരനെ എസ്.ഐ-ൽ നിന്നും സി.ഐ.-ലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 23-ാം ബാച്ചുകാരനും 2003-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത പട്ടികജാതിക്കാരനായ ശ്രീ. ആർ. ശിവശങ്കരന്റെ പേരിൽ എന്തെങ്കിലും അച്ചടക്കനടപടിയോ ശിക്ഷാ നടപടികളോ നിലവിലുണ്ടോ ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ശ്രീ. ആർ. ശിവശങ്കരനെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഉദ്യോഗക്കയറ്റം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly